പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1854 01.11.2019-ലെ മറുപടിക്ക്

## ഓപ്പറേറ്റിംഗ് വിഭാഗക്കാരുടെ ശമ്പളം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ടി.എ. അഹമ്മദ് കബീർ | ശ്രീ. എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. യിലെ ഓപ്പറേറ്റിംഗ് വിഭാഗം ജീവനക്കാരുടെ ശമ്പളം മുമ്പുള്ള പോലെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരിൽ നിന്ന് കുറവാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത വിഷയം അംഗീകൃത തൊഴിലാളി യൂണിയനുകളുമായുള്ള ശമ്പള പരിഷ്കരണ ചർച്ചയുടെ അജണ്ടയിലുൾപ്പെടുത്താൻ തയ്യാറാകുമോ; | (എ) യും (ബി) യും | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കെ.എസ്.ആർ.ടി.സി യിലെ വിവിധ വിഭാഗം ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ കാലാകാലങ്ങളായി പരിഷ്കരിക്കുന്നത് കോർപ്പറേഷനിലെ അംഗീകൃത തൊഴിലാളി സംഘടനകൾ സമർപ്പിക്കുന്ന അവകാശ പത്രികകളുടെ അടിസ്ഥാനത്തിൽ മാനേജ്മെന്റും അംഗീകൃത തൊഴിലാളി സംഘടനകളും തമ്മിൽ നടത്തുന്ന ഉഭയകക്ഷി ചർച്ചകളിലെ തീരുമാനങ്ങളുടെ അടിസ്ഥാനത്തിലാണ്. ആയത് സർക്കാർ അംഗീകാരത്തോടു കൂടി നടപ്പിൽ വരുത്തുകയും ചെയ്യുന്നു.<br>കെ.എസ്.ആർ.ടി.സി.യിലെ ഓപ്പറേറ്റിംഗ് വിഭാഗം ജീവനക്കാരുടെ ശമ്പളം മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരിൽ നിന്ന് കുറവാണെന്ന തരത്തിലുള്ള പരാതികൾ അംഗീകൃത തൊഴിലാളി സംഘടനകൾ ഒന്നും തന്നെ ശ്രദ്ധയിൽ പ്പെടുത്തിയിട്ടില്ല. |
| (ബി) | ഇല്ലെങ്കിൽ സംസ്ഥാനത്ത് മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളിൽ നിലവിലുള്ള രീതിയനുസരിച്ച് ഓഫീസ് സ്റ്റാഫുകളെക്കാൾ അധികരിച്ച ശമ്പളം ഓപ്പറേറ്റിംഗ് വിഭാഗത്തിന് നൽകാൻ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണമെന്തെന്ന് അറിയിക്കുമോ? | | |

സെക്ഷൻ ഓഫീസർ